ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

സംസ്ഥാന ഗവൺമെന്റിന് ഇന്ന് ഓവർഡ്രാഫ്റ്റ് ഒന്നുംതന്നെ നിലവിലില്ല.

നാളികേര കൃഷിക്കാരെ സഹായിക്കാൻ നടപ്പിലാക്കിയ പദ്ധതികൾ

* 52 [52] ശ്രീ. കെ. കെ. ബാലകൃഷ്ണൻ :

ശ്രീമതി റേയിച്ചൽ സ്പ്പി പനവേലി :

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ :

,, വി. സി. കബീർ :

,, എ. വി. അബ്ദു റഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേര കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ചു നടപ്പിലാക്കിയ പദ്ധതികളേതെല്ലാം ;

(ബി) സംസ്ഥാനത്ത് നാളികേര കൃഷി വികസനത്തിന് സർക്കാർ എന്തെങ്കിലും പുതിയ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. തെങ്ങുരോഗം ബാധിച്ച് ഉൽപാദന ക്ഷമത നശിച്ച തെങ്ങുകളുടെ പുനരധിവാസത്തിനുള്ള വിപുലമായ പദ്ധതി.

2. തെങ്ങിൻ തോട്ടങ്ങൾക്ക് ജലസേചനം നൽകുന്നതിനുള്ള പദ്ധതി.

3. തെങ്ങിന് ശാസ്ത്രീയാടിസ്ഥാനത്തിലുള്ള രാസവള പ്രയോഗം പ്രചരിപ്പിക്കുന്നതിനുള്ള പദ്ധതി.

4. നാളികേരത്തിനു ന്യായമായ വില ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള കൊപ്രാ സംഭരണ പദ്ധതി.

(ബി) ഉണ്ട്.

(സി) നാളികേരത്തിന്റെയും നാളികേര ഉൽപന്നങ്ങളുടെയും സംഭരണം, സംസ്ക്കരണം വിപണനം എന്നിവ നവീകരിക്കുന്നതിനും ഈ രംഗത്തുള്ള പ്രവർത്തനങ്ങൾ സഹകരണാടിസ്ഥാനത്തിൽ ഏകോപിപ്പിച്ച് പുനസംഘടിപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു കരടു പദ്ധതി തയ്യാറാക്കി ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്.

റയിൽവേ വൈദ്യുതീകരണം

* 53 [53] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതെങ്കിലും റയിൽവേ ലൈൻ വൈദ്യുതീകരിക്കാൻ ഉദ്ദേശിക്കുന്നതായി അറിയാമോ ;



LIBRARY ARCHIVES Kerala Legislative Assembly